# കേരളസർവകലാശാല

നം.പി.ആർ.221(a)/2023 തിരുവനന്തപുരം, തീയതി: 27/10/2023

## പത്രക്കുറിപ്പ്

### പശ്ചിമേഷ്യൻ പ്രതിസന്ധി പരിഹരിക്കുന്നതിൽ യു.എൻ സമ്പൂർണ്ണ പരാജയം: ഡോ.ജി.ഗോപകുമാർ

പശ്ചിമേഷ്യയിലെ യുദ്ധം അപകടകരമായ അവസ്ഥയിലേക്ക് നീങ്ങുകയാണ്. പതിറ്റാണ്ടുകളായുള്ള പശ്ചിമേഷ്യയിലെ തർക്കം പരിഹരിക്കുന്നതിൽ യു.എൻ. പൂർണമായും പരാജയപ്പെട്ടതാണ് ഇപ്പോഴത്തെ യുദ്ധകാരണമെന്നു കേരള സെൻട്രൽ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ.ജി.ഗോപകുമാർ അഭിപ്രായപ്പെട്ടു. പലസ്തീനും ഇസ്രായേലും എന്ന രണ്ടു സ്വതന്ത്ര രാഷ്ട്രങ്ങളും അവ തമ്മിൽ വ്യക്തമായ അതിർത്തി നിർണ്ണയവുമാണ് മേഖലയിൽ ക്രമസമാധാനം നിലനിർത്താനുള്ള ഏകമാർഗം. പാലസ്തീൻ രാഷ്ട്രം സ്ഥാപിക്കുന്നതിനുള്ള താമസവും ഗൾഫ് രാജ്യങ്ങൾക്കും ഇസ്രായേലിനുമിടയിൽ പുതുതായി രൂപപ്പെട്ട ഭൗമരാഷ്ട്രീയ സമവാക്യമാറ്റവുമാണ് ഇസ്രായേലിനെ ആക്രമിക്കാനുള്ള ഹമാസിന്റെ പെട്ടെന്നുള്ള പ്രകോപനമെന്നും അദ്ദേഹം പറഞ്ഞു. കേരള സർവകലാശാലയിലെ കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം ഡിപ്പാർട്ട്മെന്റിൽ വിളനിലം (കേരളസർവകലാശാല മുൻ വൈസ് ചാൻസലർ) അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഇസ്രായേലിനെ ആക്രമിക്കാൻ ഹമാസിനെ പ്രേരിപ്പിച്ചേക്കാവുന്ന കാരണങ്ങൾ അദ്ദേഹം വിവരിച്ചു. യു.എസ്.എ യുടെ മുൻകൈയിൽ ഇസ്രായേൽ, യു.എ.ഇ, മൊറോക്കോ, മറ്റു ചില എമിറേറ്റുകൾ എന്നിവ ചേർന്ന് ഒപ്പുവച്ച അബ്രഹാം കരാർ. സൗദി അറേബ്യ പോലും ഈ കരാറിൽ ചേരാൻ തയ്യാറാവുമെന്നറിയുന്നു. കൂടാതെ ഇന്ത്യയും ഇസ്രായേലും യു.എ.ഇ യും യു.എസും തമ്മിലുള്ള ഐടുയൂടു (I2U2) സഖ്യവും ഹമാസിനെ പ്രകോപിപ്പിച്ചിരിക്കണം. പശ്ചിമേഷ്യ വിഷയത്തിൽ ഇന്ത്യയുടെ പ്രായോഗിക നിലപാടിനെ ഡോ.ഗോപകുമാർ അഭിനന്ദിച്ചു. പലസ്തീൻ രാഷ്ട്രത്തിന്റെ ലക്ഷ്യത്തെ പിന്തുണയ്ക്കുമ്പോൾ തന്നെ, ഇന്ത്യയും ഇസ്രായേലുമായി മികച്ച ബന്ധം നിലനിർത്തിയിട്ടുണ്ട്. സാങ്കേതികവിദ്യ, വ്യാപാരം, ഊർജം, നിക്ഷേപം, കൃഷി, ഐ.ടി. തുടങ്ങി എല്ലാറ്റിനുമുപരിയായി ആയുധങ്ങൾ വാങ്ങുന്നതിലും ഇസ്രായേലുമായുള്ള ഉഭയകക്ഷി ബന്ധം ഇന്ത്യക്ക് ഗുണം ചെയ്തു. അതിനാൽ, ഇന്ത്യ മറ്റെന്തിനേക്കാളും ദേശീയ താൽപ്പര്യമാണ് ഉയർത്തിപ്പിടിച്ചിരിക്കുന്നത്. അതേസമയം, പലസ്തീൻ രാഷ്ട്രത്തെയും മനുഷ്യാവകാശ സംരക്ഷണത്തെയും ഇന്ത്യ പിന്തുണയ്ക്കുന്നു. യുദ്ധത്തിൽ തകർന്ന ഗാസയിലെ ജനങ്ങൾക്ക് ഭക്ഷണവും മരുന്നുകളും വസ്ത്രങ്ങളും മറ്റ് അടിയന്തിര ഉപകരണങ്ങളും അയച്ച് ഇന്ത്യ സഹായിക്കുന്നുണ്ട്, ഗോപകുമാർ ചൂണ്ടിക്കാട്ടി.

കേരളസർവകലാശാലയിലെ കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം ഡിപ്പാർട്ട്മെന്റും അലുമ്നി അസോസിയേഷനും ചേർന്ന് നടത്തിയ വിളനിലം അനുസ്മരണ പ്രഭാഷണത്തിൽ വകുപ്പ് മേധാവി ശ്രീമതി. മാഗി ജെ. അധ്യക്ഷത വഹിച്ചു. അദ്ധ്യാപകരായ ഡോ.എം.എസ്.ഹരികുമാർ, ഡോ.ലാൽമോഹൻ പി., സുരേഷ് കെ. എസ്., സ്റ്റാഫ് അംഗങ്ങൾ, ഗവേഷകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു. സീനിയർ ജേർണലിസ്റ്റ് ജേക്കബ് ജോർജ്ജ് സ്വാഗതവും സെഫോളജിസ്റ്റ് എസ്.ജോർജ്ജ് കുട്ടി നന്ദിയും പറഞ്ഞു.

(ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്)

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)**


**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**